**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4519** **06-03-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങൾ വഴി പഴം, പച്ചക്കറി സംഭരണവും വിപണനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷകർക്ക് കൃത്യമായ വില ലഭിക്കുന്നതിനുവേണ്ടി സഹകരണ സംഘങ്ങൾ വഴി പഴങ്ങളും പച്ചക്കറികളും സംഭരിച്ച് വില്പന നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) | കാർഷിക വകുപ്പിന്റെ സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് 16 ഇനം കാർഷിക വിളകൾക്ക് അടിസ്ഥാനവില നിശ്ചയിച്ചുകൊണ്ട് ഉത്തരവായിരുന്നു. പച്ചക്കറികളുടെ വിപണിവില അടിസ്ഥാന വിലയെക്കാൾ കുറയുമ്പോൾ കർഷകരിൽ നിന്നും കാർഷികോൽപ്പന്നങ്ങൾ അടിസ്ഥാനവിലയിൽ സംഭരിച്ച് വിപണനം നടത്തുന്നതിന് കാർഷികോൽപന്നങ്ങളുടെ സംഭരണ ഏജൻസികളായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ